## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2642 09.03.2017-ലെ മറുപടി

### 'കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി'

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| എ നാദാപുരം നിയോജക മണ്ഡലത്തിലെ 'കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി'യുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | എ കുന്നുമ്മൽ പദ്ധതിയുടെ 95 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചു. റോ വാട്ടർ പമ്പ് ഹൗസിൽ 01.03.2017-ന് കറന്റ് കണക്ഷൻ ലഭിച്ചു. പമ്പ് സെറ്റുകൾ, ട്രീറ്റ് മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിനുകൾ എന്നിവ ട്രയൽ റൺ നടത്തി പ്രവർത്തന ശേഷി ഉറപ്പ് വരുത്തിയ ശേഷം കായക്കൊടി പഞ്ചായത്തിൽ മേയ് 2017-നകം പൂർണ്ണമായി ജലവിതരണം നടത്തുവാൻ സാധിക്കുന്നതാണ്. ഗ്രാവിറ്റി പൈപ്പ് ലൈനിലുള്ള ഇന്റർ കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ട്രയൽ റൺ നടത്തി ബാക്കിയുള്ള നാദാപുരം, കുറ്റ്യാടി, നരിപ്പറ്റ, വളയം, വാണിമേൽ, തൂണേരി എന്നീ പഞ്ചായത്തുകളിൽ ജൂലൈ 2017-നകം കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി പദ്ധതി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | ബി ഗ്രാവിറ്റി പൈപ്പ് ലൈൻ പ്രവൃത്തിയേറ്റെടുത്ത കോൺട്രാക്ടർക്ക് കുടിശ്ശിക ബിൽ പാസ്സാക്കി കിട്ടാത്തതിനാൽ കോൺട്രാക്ടർ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. കൂടാതെ കുറ്റ്യാടി നാദാപുരം എസ്.എച്ച് 38 ലും വാണിമേൽ പഞ്ചായത്തിലെ വക്കോയി റോഡിലും റോഡ് കട്ടിംഗ് പെർമിഷൻ ലഭിക്കാനുണ്ട്. എന്നാൽ കേന്ദ്ര സഹായത്തോടെയുള്ള **NRDWP** പദ്ധതികൾക്കുള്ള കേന്ദ്ര ധനസഹായം ഗണ്യമായി വെട്ടിക്കുറച്ചതു കാരണം കോൺട്രാക്ടർക്കു നൽകുവാനുള്ള കുടിശ്ശികയും റോഡ് കട്ടിംഗ് അനുമതിക്കായി പി.ഡബ്ല്യു.ഡി യിൽ ഒടുക്കേണ്ടതായ തുകയും ഉൾപ്പെടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക കണ്ടെത്താൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണം വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇതിനു പുറമെ വിവിധ സ്ഥലങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുന്നതിനെതിരെയുള്ള നാട്ടുകാരുടെ പ്രതിഷേധവും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നുണ്ട്. |
| സി പദ്ധതി പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ത്വരിത നടപടി സ്വീകരിക്കുമോ;<br>ഡി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | സി യും ഡി യും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് 31.07.2017-നകം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ